

# നോമ്പ് ഏഴാം ഞായർ(ലൂക്ക 19:28 40)

ഈശോ തന്റെ യാത്രയുടെ അന്ത്യത്തോട് അടുക്കുന്നു. പിതാവു തന്നെ ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കാൻ മനുഷ്യസഹകരണം അവിടുത്തേക്കാവശ്യമാണ്. അവിടുത്തേയ്ക്ക് യാത്രചെയ്യാൻ ഒരു വാഹനം വേണം, ഒരു കഴുത തന്നെയാകട്ടെ എന്നവിടുന്ന് തീരുമാനിച്ചു. അതിനെ കൊണ്ടുവരാൻ ഈശോ ആവശ്യപ്പെടുന്നു. “നിന്നെ കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെ കൂടാതെ നിന്നെ രക്ഷിക്കുകയില്ല” എന്ന് വി.ആഗസ്തീനോസ് പറയുന്നു. “ഇതാ ഞാൻ വാതിലിൽ മുട്ടുന്നു ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്ന് തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും” (വെളി 3:20). തന്റെ രക്ഷാകര പദ്ധതിയിൽ നമ്മെയും സഹകാരികളാക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. സഹകരിച്ചവർക്കെല്ലാം “ദൈവമക്കളാകാൻ കഴിവു നല്കി” (യോഹ 1:12). മാത്രമല്ല അവരോടൊപ്പം അവൻ ഭക്ഷിക്കുകയും (വെളി 3:21), അവന്റെ സിംഹാസനത്തിൽ അവനോടൊപ്പം ഇരുത്തുകയും ചെയ്യുന്നു. ദൈവത്തോടുള്ള സഹകരണമാണ് മനുഷ്യരക്ഷയുടെ ഒരു വ്യവസ്ഥ. നമുക്കും ദൈവത്തോട് സഹകരിക്കാം. നമുക്ക് ഒരോരുത്തർക്കും ഓർക്കാം “കർത്താവിന് എന്നെക്കൊണ്ട് ആവശ്യമുണ്ടെന്ന്” (ലൂക്ക 19:31).

**തയ്യാറാക്കിയത്,**
**ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS**
**10-04-2022**

**സീറോമലബാർ ആരാധനക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**
**Read more: wwwsyromalabarliturgy.org**